ചെയ്തപ്രകാരം കാലഹരണപ്പെട്ടതായി കണ്ടെത്തിയ 107 ആക്ടുകളിൽ ബന്ധപ്പെട്ട ഭരണവകുപ്പുകൾ റദ്ദാക്കേണ്ടതില്ല എന്ന് അഭിപ്രായപ്പെട്ട ആക്ടുകൾ ഒഴികെ 102 ആക്ടുകൾ റദ്ദാക്കുന്നതിനുള്ള 2015-ലെ കേരള റദ്ദാക്കലും ഒഴിവാക്കലും ബിൽ തയ്യാറാക്കുകയും ആയതിന് മുഖ്യമന്ത്രിയുടെ അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) കാലഹരണപ്പെട്ടതോ തുടർന്ന് ആവശ്യമില്ലാത്തതോ ആയ നിയമങ്ങൾ സ്റ്റാറ്റ്യൂട്ട് ബുക്കിൽ നിന്നും നീക്കം ചെയ്യുന്നതിന് കാലാകാലങ്ങളിൽ ആക്ടുകൾ റദ്ദ് ചെയ്യുന്നത് സഹായകമാണ്. ഇപ്രകാരമുള്ള ആക്ടുകൾ റദ്ദാക്കിക്കഴിഞ്ഞാൽ നിലവിലുള്ളതും സംസ്ഥാനത്തിന് ബാധകമായിട്ടുള്ളതുമായ നിയമങ്ങൾ ഏതെല്ലാമാണെന്ന് കണ്ടുപിടിക്കുന്നത് എളുപ്പമായിത്തീരുന്നതാണ്. കൂടാതെ, സാമൂഹിക മാറ്റങ്ങൾക്ക് അനുസൃതമായി പുതിയ നിയമനിർമ്മാണങ്ങൾ നടത്തുന്നതിനും ആയത് സഹായകരമാകുന്നതാണ്. ഒരു പ്രത്യേക കാലയളവിലേയ്ക്കോ പ്രത്യേക ആവശ്യത്തിലേയ്ക്കോ മാത്രമായി നിലനിൽപ്പ് പരിമിതപ്പെടുത്തിയിട്ടുള്ളതോ മുമ്പ് നിലവിലുണ്ടായിരുന്ന താൽക്കാലിക നിയമങ്ങൾ തുടരുന്നതിലേയ്ക്കുവേണ്ടി മാത്രമോ ഉണ്ടാക്കിയിട്ടുള്ളതായ കാലഹരണപ്പെട്ട നിയമങ്ങൾ സ്റ്റാറ്റ്യൂട്ട് ബുക്കിൽ നിലനിർത്തേണ്ടതില്ല. തുടർന്നും നടപ്പിലാക്കാൻ കഴിയാത്തതോ ലക്ഷ്യങ്ങൾ നിറവേറിയതിനാൽ പ്രയോഗം നിലച്ചതോ ആയ കാലഹരണപ്പെട്ട നിയമങ്ങളും സ്റ്റാറ്റ്യൂട്ട് ബുക്കിൽ നിന്നും നീക്കം ചെയ്യാവുന്നതാണ്. ഭേദഗതി ആക്ടുകൾ അവയുടെ മൂലനിയമത്തിന്റെ ഭാഗമായി തീർന്നതിനാൽ അവ സ്റ്റാറ്റ്യൂട്ട് ബുക്കിൽ പ്രത്യേക നിയമങ്ങളായി നിലനിർത്തേണ്ട കാര്യമില്ല.

(സി) 2015-ലെ കേരള റദ്ദാക്കലും ഒഴിവാക്കലും ബിൽ തയ്യാറാക്കിയിട്ടുണ്ട്. ബില്ലിന് മന്ത്രിസഭയുടെ അംഗീകാരം വാങ്ങുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. അംഗീകാരം ലഭിച്ചാലുടൻ ആയത് നിയമസഭയിൽ അവതരിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

സുരക്ഷിത സ്ത്രീ യാത്രാ പദ്ധതി

29 (*329) ശ്രീ. ഹൈബി ഈഡൻ :

,, വി. ഡി. സതീശൻ :

,, വി. റ്റി. ബൽറാം :

,, എ. റ്റി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

GPM. 2/235/2020-10

LIBRARY ARCHIVES Kerala Legislative Assembly

(എ) കെ.എസ്.ആർ.ടി.സി. സുരക്ഷിത സ്ത്രീ യാത്രാ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ,

(എ-സി) ഉണ്ട്. കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകളിലും യാത്രക്കിടയിൽ ബസുകളിലും സ്ത്രീകളുടെ സുരക്ഷിതത്വത്തിനായി ഒട്ടേറെ പദ്ധതികൾ നടപ്പിലാക്കി വരികയാണ്. കെ.എസ്.ആർ.ടി.സി. യുടെ എല്ലാ പ്രധാനപ്പെട്ട ബസ് സ്റ്റേഷനുകളിലും സ്ത്രീകൾക്കായി വിശ്രമമുറിയും പ്രാഥമിക ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിനുള്ള സൗകര്യവും ഒരുക്കിയിട്ടുണ്ട്. സ്ത്രീ യാത്രക്കാർ രാത്രി കാലങ്ങളിൽ ഒറ്റപ്പെട്ടു പോയാൽ സുരക്ഷിതരായി വിശ്രമിക്കാനായി ബസ് സ്റ്റേഷൻ കെട്ടിടത്തിന്റെ മുകളിലത്തെ നിലയിൽ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

രാത്രികാലങ്ങളിൽ യാത്രക്കാർ പ്രത്യേകിച്ച് സ്ത്രീകൾ, അവർ ആവശ്യപ്പെടുന്ന സ്ഥലങ്ങളിൽ രാത്രി 08.00 മണി മുതൽ രാവിലെ 06.00 മണി വരെ എല്ലാത്തരം സർവ്വീസുകളും നിർത്തി അവരെ ഇറക്കേണ്ടതാണെന്ന കർശന നിർദ്ദേശം കെ.എസ്.ആർ.ടി.സി. നൽകിയിട്ടുണ്ട്. റിസർവേഷൻ സൗകര്യമില്ലാത്ത സർവ്വീസുകളിലും 25 ശതമാനം സീറ്റുകൾ സംവരണം ചെയ്തിട്ടുണ്ട്. ഇത് മുതിർന്ന വനിതകൾക്കും കൈക്കുഞ്ഞുമായി കയറുന്ന അമ്മമാർക്കും സംവരണം ചെയ്തിട്ടുള്ള സീറ്റുകൾക്ക് പുറമെയാണ്. റിസർവ്വേഷൻ സൗകര്യമുള്ള സൂപ്പർക്ലാസ് സർവ്വീസുകളിൽ ഡ്രൈവറുടെ തൊട്ടുപുറകിലുള്ള 9 സീറ്റുകൾ മുൻഗണനാക്രമത്തിൽ സ്ത്രീകൾക്കായി സംവരണം ചെയ്തിട്ടുമുണ്ട്. ബസ് യാത്ര പുറപ്പെടുമ്പോൾ മുൻഗണനാക്രമത്തിലുള്ള സീറ്റുകളിൽ ഇരുന്ന് യാത്ര ചെയ്യുന്ന സ്ത്രീ യാത്രക്കാർ ഇല്ലായെങ്കിൽ പുരുഷൻമാർക്ക് ഉപയോഗിക്കാവുന്നതും, യാത്രക്കിടയിൽ സ്ത്രീയാത്രക്കാർ കയറുമ്പോൾ അവർ ആവശ്യപ്പെട്ടാൽ, പുരുഷ യാത്രക്കാർ സ്ത്രീകൾക്കായി ഒഴിഞ്ഞുകൊടുക്കേണ്ടതുമാണ്. മേൽ നിർദ്ദേശങ്ങൾ കെ.എസ്.ആർ.ടി.സി. യുടെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നടപ്പിലാക്കി വരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly